എ4-1175/15

സർവ്വെയും ഭൂരേഖയും വകുപ്പ്
ഡയറക്ടറുടെ കാര്യാലയം, വഴുതക്കാട്,
തിരുവനന്തപുരം-695014
Ph: 0471-2325266, Fax: 2338210,2735057
E-mail: dir-tvm.syr@kerala.gov.in
E-mail: dydir1-tvm.syr@kerala.gov.in
തീയതി. 31.10.2016

## സർക്കുലർ

വിഷയം:- ജീവനക്കാര്യം- സർവ്വെയും ഭൂരേഖയും വകുപ്പ്- ജീവനക്കാർക്കു ശമ്പളവും ആനുകൂല്യങ്ങളും മാറി നൽകുന്നതിലെ കാലതാമസം - സംബന്ധിച്ച് -

സൂചന:- റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 16.03.2015 ലെ 72347/ഇ1/14/റവന്യൂ നമ്പർ കത്തിലെ നിർദ്ദേശം.

******

സർവ്വെയും ഭൂരേഖയും വകുപ്പിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും യഥാസമയം മാറി നൽകുന്നതിൽ ചില ഓഫീസ് മേധാവിമാർ വീഴ്ച വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽവിഷയം വിശദമായി പരിശോധിച്ച സർക്കാർ, ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നിസ്സാര സാങ്കേതിക കാരണങ്ങളുടെ പേരിൽ യഥാസമയം മാറി നൽകാതിരിക്കുന്നതിനു ഉത്തരവാദികളാവുന്നവർക്കെതിരെ കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വകുപ്പിലെ ജീവനക്കാർക്കു ശമ്പളവും ആനുകൂല്യങ്ങളും കുടിശ്ശികകളും മതിയായ കാരണങ്ങളില്ലാതെ മാറി നൽകുന്നതിൽ കാലതാമസം വരുത്തുന്നവർക്കെതിരെ കടുത്ത വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

(ഒപ്പ്)
സർവ്വേ ഡയറക്ടർ

1. എല്ലാ ജില്ലാ കളക്ടർമാർക്കും
2. എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും
3. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
5. എല്ലാ തഹസീൽദാർമാർക്കും (ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന)
6. എല്ലാ സർവ്വേ സൂപ്രണ്ടുമാർക്കും (ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ മുഖേന)
7. എ.4 കരുതൽ ഫയൽ

പകർപ്പ്: പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് (ആമുഖകത്ത് സഹിതം)

ഉത്തരവിൻപ്രകാരം

സർവ്വേ ഡയറക്ടർക്കുവേണ്ടി

Hn.2.11.16